**C 62670** (Pages : 2) Name.....................................

Reg. No.....................................

# SECOND SEMESTER (CUCBCSS–UG) DEGREE EXAMINATION MAY 2019

B.A. Malayalam

MAL 2B 02—MALAYALA CHERUKATHA SAHITHYAM

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'ചോലമരങ്ങളി്ലെ കന്യാസ്ത്രീയുടെ പേരെന്ത് ?

2 അധ്യാപക കഥകളിലൂടെ പ്രശസ്തനായ കഥാകാരൻ.

3 കുട്ടിക്കാലത്ത് എലിമെൻററി സ്കൂൾ അധ്യാപകനായിരുന്ന അച്ഛൻ നൽകിയ ഉപദേശങ്ങൾ നാല്പത്തിയാറാം വയസ്സു വരെയും പാലിച്ചിട്ടുണ്ടെന്ന് അഭിമാനത്തോടെ ഓർക്കുന്ന വ്യക്തി യാര് ?

4 ക്ഷയോന്മുഖമായ നായർത്തറവാടുകളുടെ പശ്ചാത്തലത്തിൽ വള്ളുവനാടൻ ഗ്രാമീണ ജീവിതത്തിൻെറ ആന്തരിക ലോകങ്ങൾ അവതരിപ്പിച്ച കഥാകൃത്ത് ആരാണ് ?

5 "നിങ്ങളുടെ നാട്ടിൽ ഞാൻ കണ്ടത് ഒരു പറ്റം ശ്മശാന ഭൂതങ്ങളെയാണ് "—ആരുടെ വാക്കുകൾ?

6 'ഇവനെന്തൊരു പ്രാന്തനാ'—ആരെക്കുറിച്ചാണ് ഈ പരാമർശം ?

7 മറിയാമ്മ തുണ്ടത്തിൽ ഏതു കഥയിലെ കഥാപാത്രമാണ് ?

8 മലയാളത്തിലെ ആദ്യചെറുകഥയായി പരിഗണിക്കപ്പെടുന്നത് ഏതു കഥയാണ് ?

9 ടൈഗറിനു കൂടുതൽ മമത ആരോടായിരുന്നു ?

10 'പന്തിഭോജന'ത്തിലെ പബ്ലിക് പ്രോസിക്യൂട്ടറുടെ പേരെന്ത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 "കാലത്തിനു സംഭവിച്ച ഓർമ്മത്തെറ്റുപോലെ ആ വീടു നിന്നു"—ഓർമ്മത്തെറ്റ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ?

12 'ആ കിഴവൻെറ അവസാനം അതിലാണെന്നാ തോന്നുന്നത് '—ആരുടെ ? കാരണമെന്ത് ?

13 മറിയാമ്മ തുണ്ടത്തിലിൻെറ അഭിപ്രായത്തിൽ പല്ലികൾ വീടിൻെറ ഉത്തരം ഇഷ്ടപ്പെടാനുള്ള കാരണമെന്ത് ?

Turn over

14 ടൈഗർ ഭാഗ്യവാനായ നായയാണ്. എന്തുകൊണ്ട് ?

15 നമ്മുടെ മോന് ഒരു സുഹൃത്ത് ഉണ്ടാവരുത്. അഥവാ ഉണ്ടായാൽത്തന്നെ സുഹൃത്തിനെ സ്നേഹിക്കുന്ന ഒരു മനസ്സ് ഉണ്ടാവരുത്—ഇങ്ങനെ പറയാൻ കാരണമെന്ത് ?

(5 × 2 = 10 marks)

III. അഞ്ചു ചോദ്യത്തിന് നൂറ്റമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

16 "അതു കാണുമ്പോൾ തടവുകാരുടെ വായിൽ വെള്ളം നിറയും"—എന്താണ് ആ കാഴ്ച ?

17 നിന്റെ വിശപ്പ് മാറ്റിയത് എന്റെ അമ്മയും നിന്റെ കാമവികാരം ശമിപ്പിച്ചത് എന്റെ പെങ്ങളുമാണ്" —ഔചിത്യം പരിശോധിക്കുക.

18 "പല്ലികൾക്ക് ജീവിതം അടക്കി വയ്ക്കലല്ല, സ്വതന്ത്രസുന്ദരമായ ഭാവപ്രകടനമാണ് "—മറിയാമ്മ തുണ്ടത്തിൽ ഇങ്ങനെ അഭിപ്രായപ്പെടുന്നത് എന്തുകൊണ്ടാണ് ?

19 രതിയുടെ തല്പം തന്നെ മൃതിയുടെ തല്പവുമാവുകയാണ് 'തല്പം' എന്ന കഥയിൽ—നിരൂപിക്കുക.

20 വിദ്യാഭ്യാസവും ഉയർന്ന സാമ്പത്തിക ഭദ്രതയും കൈവരുമ്പോൾ ചിലർ ബന്ധുജനങ്ങളെ അവഹേളിക്കുക. പതിവാണ്. 'ഭ്രാന്തി'ലെ കൃഷ്ണൻകുട്ടി എന്ന കഥാപാത്രം ഈ അവസ്ഥയെ എത്രത്തോളം സാധൂകരിക്കുന്നുണ്ടെന്ന് പരിശോധിക്കുക.

21 മകന്റെ കുട്ടിക്കാലത്തെ ചിത്രം കണ്ടപ്പോൾ അച്ഛന്റെ മനസ്സിലുണർന്ന ഓർമ്മകൾ എന്തൊക്കെയായിരുന്നു ?

22 'മുണ്ഡനം ചെയ്യപ്പെട്ട ജീവിതം' എന്ന കഥയിലൂടെ എം. മുകുന്ദൻ ആവിഷ്കരിക്കുന്ന ജീവിത യാഥാർത്ഥ്യമെന്ത് ?

(5 × 5 = 25 marks)

III. നാലു ചോദ്യത്തിന് മുന്നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക :

23 ആദ്യകാല ചെറുകഥകളുടെ സ്വഭാവ സവിശേഷതകൾ എന്തൊക്കെയായിരുന്നു ?

24 'വാസ്തുഹാര'യിൽ. പ്രതിഫലിക്കുന്ന കുടുംബചിത്രങ്ങളെക്കുറിച്ച് വിശദമാക്കുക.

25 പെണ്ണെഴുത്തിന്റെ ഏതൊക്കെ അടയാളങ്ങളാണ് 'ചോലമരങ്ങളി'ൽ പ്രകടമാകുന്നതെന്ന് പരിശോധിക്കുക.

26 എം.ടി.യുടെ കഥാപ്രപഞ്ചത്തിന്റെ പൊതുസ്വഭാവങ്ങൾ പ്രതിഫലിക്കുന്ന കഥയാണ് 'ശിലാലിഖിതം'—സമർത്ഥിക്കുക.

27 വർത്തമാനകാല സാമൂഹികാവസ്ഥകളുടെ കാപട്യങ്ങളെ തുറന്നവതരിപ്പിക്കുന്ന കഥയാണ് എം. സുകുമാരന്റെ 'നാലാം യാമം'—നിരൂപിക്കുക.

28 'തല്പം' 'പന്തിഭോജനം' എന്നീ കഥകളെ മുൻനിർത്തി സമകാലിക മലയാള ചെറുകഥയുടെ സവിശേഷതകൾ നിർദ്ധാരണം ചെയ്യുക.

(4 × 10 = 40 marks)